സിലിണ്ടർ വാങ്ങിയെന്ന് വ്യാജരേഖകളുണ്ടാക്കി പാചകവാതക സിലിണ്ടർ വിതരണത്തിൽ ക്രമക്കേട് നടത്തുന്നതായി പരാതി ഉയർന്നിട്ടുണ്ടോ;

(ഡി) ഇരുപതു ദിവസത്തിലധികംകാലം ഒരു പാചകവാതക സിലിണ്ടർ ഉപയോഗിക്കുന്നവർക്ക് കൃത്യമായി പാചകവാതക സിലിണ്ടർ സപ്ലൈ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാചകവാതക സിലിണ്ടറുകളുടെ ദുരുപയോഗം തടയുന്നതിനും യഥാർത്ഥ ഉപഭോക്താക്കൾക്കുതന്നെ കൃത്യമായി സിലിണ്ടറുകൾ ലഭിക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തിലൊരു നിബന്ധന ഓയിൽ കമ്പനികൾ ഡീലർമാർക്ക് നൽകിയിരിക്കുന്നത്.

(സി) ചുരുക്കം ചില ഗ്യാസ് ഏജൻസികൾക്കെതിരെ ഇത്തരത്തിൽ പരാതി ഉയർന്നിട്ടുണ്ട്.

(ഡി) കൃത്യമായി പാചകവാതക സിലിണ്ടറുകൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ബുക്കു ചെയ്യുന്നതിന്റെ മുൻഗണനാക്രമം അനുസരിച്ച് ഉപഭോക്താക്കൾക്ക് പാചകവാതക സിലിണ്ടറുകൾ വിതരണം നടത്തണമെന്ന് ഗ്യാസ് ഡീലർമാർക്ക് കർശന നിർദ്ദേശങ്ങൾ നൽകുകയും ഗ്യാസ് ഏജൻസികളിൽ മിന്നൽ പരിശോധനകളും റെയ്ഡുകളും നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ, അനധികൃത ഗ്യാസ് സിലണ്ടറുകളുടെ ഉപയോഗം തടയുന്നതിന് ജില്ലാതലത്തിൽ പരിശോധനാസ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തി, നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

62 [2812] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ കഴിഞ്ഞു; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഉപഭോക്താക്കളെ ആകർഷിച്ച് വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുമെന്ന സർക്കാർ വാഗ്ദാനം എത്രമാത്രം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 129 മാവേലി സ്റ്റോറുകൾ. ജില്ലതിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു:

	ജില്ല	*എണ്ണം*
1.	തിരുവനന്തപുരം	13
2.	കൊല്ലം	1
3.	പത്തനംതിട്ട	9
4.	ആലപ്പുഴ	13
5.	കോട്ടയം	12
6.	ഇടുക്കി	13
7.	എറണാകുളം	10
8.	തൃശ്ശൂർ	4
9.	പാലക്കാട്	12
10.	മലപ്പുറം	14
11.	കോഴിക്കോട്	13
12.	വയനാട്	4
13.	കണ്ണൂർ	10
14.	കാസർഗോഡ്	1
	ആകെ	129

(ബി) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനുമായി 115 മാവേലി സ്റ്റോറുകളെ ആധുനികസൗകര്യമുള്ള സപ്ലൈകോ ശബരി സൂപ്പർ മാർക്കറ്റുകളാക്കി മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾ പായ്ക്കറ്റുകളിലാക്കി സ്വയം തെരഞ്ഞെടുക്കുവാനുള്ള സൗകര്യം, ആകർഷണീയമായ രീതിയിലുള്ള പ്രദർശനം, കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് തുടങ്ങിയവ ഈ സ്റ്റോറുകളുടെ പ്രത്യേകതകളാണ്. കൂടാതെ ഏകദേശം 250-ൽപ്പരം നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്തുവരുന്നു.

(സി) മാവേലി സ്റ്റോറുകളില്ലാത്ത 161 ഗ്രാമപഞ്ചായത്തുകളിൽ ഇവ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ മാവേലി സ്റ്റോറുകളിൽ നടന്ന വ്യാപാരം

63 [2813] *ശ്രീ. എ. സി. ഷൺമുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, നൻമണ്ട, പനങ്ങാട് പഞ്ചായത്തുകളിലെ മാവേലി സ്റ്റോറുകളിൽ 2005 ജൂൺ 30 വരെ എത്ര രൂപയുടെ വ്യാപാരം നടന്നിട്ടുണ്ട്;

(ബി) ഈ മാവേലി സ്റ്റോറുകളിൽ കൃത്യസമയത്ത് സാധനസാമഗ്രികൾ എത്തിക്കുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, നൻമണ്ട, പനങ്ങാട് എന്നീ പഞ്ചായത്തുകളിലെ 7 മാവേലി സ്റ്റോറുകളിൽക്കൂടി 2005 ജൂൺ 30 വരെ ഈ സാമ്പത്തികവർഷം 53,33,356 രൂപയുടെ വ്യാപാരം നടന്നിട്ടുണ്ട്.

(ബി) മാവേലി സ്റ്റോറുകളിൽ ആവശ്യമായ സാധനങ്ങൾ സെൻട്രൽ പർച്ചേസ്, ലോക്കൽ പർച്ചേസ് എന്നിവവഴി അതതു ഡിപ്പോകളിൽനിന്ന് ബന്ധപ്പെട്ട മാവേലി സ്റ്റോറുകൾക്ക് നൽകിയിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ സ്റ്റോക്കില്ലാത്ത അവസ്ഥ ഉണ്ടായാൽ അടുത്ത ഡിപ്പോയിൽനിന്നും സാധനങ്ങൾ എത്തിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ വിതരണത്തിന് എല്ലാ ഡിപ്പോകളിലും ചരക്കുവാഹനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

GPM. 2/587/2012.—14

LIBRARY ARCHIVES Kerala Legislative Assembly